

WEEKEND EDITION

# Times of America

2009
June 06

Volume 1 Issue 3

Times of America Online Weekly News Journal.
web:mytimesofamerica.com

Tel: 267-991-2111
e-mail:timesofamerica@gmail.com




**മു**സ്ലീം രാജ്യങ്ങളോട് സൗഹൃദം പ്രഖ്യാപിച്ചുകൊണ്ടുള്ള അമേരിക്കൻ പ്രസിഡന്റ് ബരാക്ക് ഒബാമയുടെ സന്ദേശങ്ങൾ തള്ളിക്കളയണമെന്ന് അൽ ഖായിദ നേതൃനിരയിലെ രണ്ടാമൻ അയ്മാൻ അൽ സാഹിരി ആവശ്യപ്പെട്ടു.

ബറാക് ഒബാമയുടെ നയങ്ങൾ അംഗീകരിക്കുന്ന ഈജിപ്ത് ജനത അമേരിക്കൻ അടിമകളാണ്. അമേരിക്കയോടുള്ള മുസ്ലീങ്ങളുടെ സമീപനത്തിൽ ഒരു മാറ്റവും വരുത്താൻ ഒബാമയ്ക്ക് കഴിയില്ല- അൽ സാഹിരി പറഞ്ഞു.



**ഇ**ന്ത്യയുടെ ചരിത്രത്തിലാദ്യമായി ഒരു വനിത ലോകസഭാ സ്പീക്കറായി ചുമതലയേറ്റു.

യു.പി.എ. അദ്ധ്യക്ഷ സോണിയാ ഗാന്ധിയാണ് മീരാകുമാറിന്റെ പേര് നിർദ്ദേശിച്ചത്. പ്രണബ് മുക്കർജി പിൻതാങ്ങി. പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗും പ്രതിപക്ഷ നേതാവ് എൽ.കെ.അദ്വാനിയും ചേർന്ന് മീരാ കുമാറിനെ ചെയറിലേക്ക് ആനയിച്ചു.

മുൻ ഉപപ്രധാനമന്ത്രി ജഗ്ജീവൻ റാമിന്റെ മകളാണ് മീരാ കുമാർ (64). ലോകസഭാംഗമാകുന്നത് അഞ്ചാം തവണയാണ്. ഐ.എഫ്.എസ്. ഉപേക്ഷിച്ചാണ് രാഷ്ട്രീയത്തിലിറങ്ങിയത്. 85ലാണ് ആദ്യമായി ലോകസഭയിലെത്തുന്നത്.

കേന്ദ്ര ജലവിഭവ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത മീരാകുമാർ തൽസ്ഥാനം രാജിവച്ചു.

# ഒന്നിച്ചുനിന്ന് ഭീകരതയെ ചെറുക്കണം: ബരാക് ഒബാമ

**ഈജിപ്ത്:** അമേരിക്കയ്ക്കും മുസ്ലിം ലോകത്തിനും ഇടയിലുള്ള സംശയങ്ങളും അസ്വസ്ഥതകളും അവസാനിപ്പിച്ച് സൗഹൃദത്തിന്റേതായ പുതിയൊരു തുടക്കം കുറിക്കണമെന്നും അമേരിക്കയും മുസ്ലിം ലോകവും ഒന്നിച്ചു നിന്ന് ഭീകരതയെ എതിരിടണമെന്നും ബരാക് ഒബാമ മുസ്ലിം സമൂഹത്തെ ആഹ്വാനം ചെയ്തു.

ഈജിപ്തിലെ കെയ്റോ സർവ്വകലാശാലയിൽ 'അസലാമു അലൈക്കും' എന്ന സംബോധനയോടെ ആരംഭിച്ച പ്രസംഗം സദസ് നിറഞ്ഞ കൈയടിയോടെയാണ് സ്വീകരിച്ചത്.



*കെയ്റോ സർവ്വകലാശാലയിൽ ബരാക് ഒബാമ പ്രസംഗിക്കുന്നു.*

ക്രിസ്ത്യൻ മതം പിന്തുടരുമ്പോഴും കെനിയക്കാരനായ തന്റെ പിതൃകുടുംബത്തിന്റെ വേരുകൾ മുസ്ലിം പരമ്പരയിലാണെന്നും ഒബാമ ചൂണ്ടിക്കാട്ടി. അതുകൊണ്ടുതന്നെ ഇസ്ലാമിന്റെ പേരു പറഞ്ഞുള്ള മോശം ആശയങ്ങൾ ലോകത്തെവിടെയുണ്ടെങ്കിലും അതിനെതിരെ പോരാടാൻ യു.എസ്. പ്രസിഡന്റെന്ന നിലയിൽ ബാധ്യസ്ഥനാണെന്നും പറഞ്ഞു.

ഒബാമയുടെ സന്ദർശനത്തെക്കുറിച്ച് വിഭിന്നമായ പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പ്രസിഡന്റിന്റെ പ്രസംഗം പൂർണ്ണരൂപത്തിൽ ഈ ലക്കം മുതൽ പ്രസിദ്ധീകരിക്കുന്നു.

# രാജ്യരക്ഷയ്ക്ക് മുൻഗണന നൽകും: രാഷ്ട്രപതി പ്രതിഭാസിംഗ് പാട്ടീൽ

**ന്യൂഡൽഹി:** രാജ്യരക്ഷയ്ക്കായിരിക്കും പുതിയ സർക്കാർ മുൻഗണന നൽകുന്നതെന്ന് രാഷ്ട്രപതി പ്രതിഭാസിംഗ് പാട്ടിൽ.

പതിനഞ്ചാം ലോകസഭയുടെ പ്രഥമ സമ്മേളനത്തിൽ ഇരുസഭകളെയും അഭിസംബോധന ചെയ്തുകൊണ്ട് നയപ്രഖ്യാപന പ്രസംഗം നടത്തുകയായിരുന്നു രാഷ്ട്രപതി.

നിയമസഭകളിലും പാർലമെന്റിലും മൂന്നിലൊന്ന് സീറ്റ് വനിതകൾക്ക് ഉറപ്പു വരുത്തും. ഭീകരവാദം, നക്സലിസം എന്നിവയോട് വിട്ടുവീഴ്ചയില്ല. നൂറു ദിവസത്തിനുള്ളിൽ പൂർത്തിയാക്കേണ്ട ഇരുപത്തിയഞ്ച് ഇന പ്രത്യേക കർമ്മ പരിപാടികളും, അടുത്ത അഞ്ചുവർഷം കൊണ്ട് നടപ്പാക്കുന്ന പദ്ധതികളും നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉപരാഷ്ട്രപതി ഹമീദ് അൻസാരി, പ്രധാനമന്ത്രി ഡോ മൻമോഹൻ സിംഗ്, ലോകസഭാ സ്പീക്കർ മീരാകുമാർ എന്നിവർ പാർലമെന്റ് സെൻട്രൽ ഹാളിലേക്ക് രാഷ്ട്രപതിയെ ആചാരപരമായി സ്വീകരിച്ചു. പ്രസംഗത്തിന്റെ പൂർണ്ണ രൂപം ഈ ലക്കം മുതൽ പ്രസിദ്ധീകരിക്കുന്നു.



# പാകിസ്ഥാൻ വകമാറ്റി ചെലവഴിച്ചു

**വാഷിംഗ്ടൺ:** തീവ്രവാദം നേരിടാൻ അമേരിക്ക നൽകിയ വൻതുക പാകിസ്ഥാൻ ഇന്ത്യയ്ക്കെതിരെ പ്രതിരോധ സംവിധാനം ശക്തമാക്കുവാൻ വേണ്ടി വകമാറ്റി ചെലവഴിച്ചുവെന്ന് പെന്റഗൺ പുറത്തുവിട്ട രേഖ വ്യക്തമാക്കുന്നു. വിലപിടിപ്പുള്ള യുദ്ധോപകരണങ്ങളും ആയുധങ്ങളും ഇന്ത്യൻ അതിർത്തിയിൽ വിന്യസിച്ചുവെന്ന് റിപ്പോർട്ടിൽ പറയുന്നു.

ബുഷ് ഭരണകൂടത്തിന്റെ അനുമതിയോടുകൂടിയാണ് പാകിസ്ഥാൻ ഇതെല്ലാം ചെയ്തതെന്ന് റിപ്പോർട്ടിൽ സൂചനയുണ്ട്. 190 കോടിയുടെ വിദേശ സൈനികസഹായമാണ് ബുഷ് ഭരണകൂടം പാകിസ്ഥാന് നൽകിയത്. ഗോത്രമേഖലയിൽ തീവ്രവാദികൾ ആധിപത്യം സ്ഥാപിച്ചതോടെ കൂടുതൽ തുക നൽകിയിരുന്നു.


ഇന്ത്യൻ അംബസിഡർക്ക് ഫൊക്കാനയുടെ സ്വീകരണം

2

മരമാണ് മറുപടി
ബിനോയ് വിശ്വം

5

പിണറായിയും ചിരിച്ചും
കൈപ്പട്ടൂർ തങ്കച്ചൻ

7

കുന്നംപുറത്തു മാതാവും ന്യായവിധിയും (കഥ)
നീനാ പനയ്ക്കൽ – 6

പ്രാവിനോട് (കവിത)
ചുനക്കര രാമൻകുട്ടി – 6

കിനാവ് കണ്ട രാധ (കവിത)
കമല സുരയ്യ – 8


Obama's speech to Muslims 9


Frist 15th Parliament Speech 10

# ഇന്ത്യൻ അംബാസിഡർ മീരാശങ്കറിന് ഫൊക്കാനയുടെ സ്വീകരണം



തോമസ് പി.ആന്റണി

**ന്യൂയോർക്ക്:** ഇന്ത്യയുടെ പുതിയ അമേരിക്കൻ അംബാസിഡർ മീരാ ശങ്കറിന് ഫൊക്കാന വൻപിച്ച സ്വീകരണം നൽകി.

മെയ് 31 ഞായറാഴ്ച വൈകിട്ട് ആർലിങ്ടണിലുള്ള ഹിൽട്ടൻ ഹോട്ടലിൽ നടന്ന സ്വീകരണത്തിൽ ഫൊക്കാന പ്രസിഡന്റ് പോൾ കറുകപ്പിള്ളിൽ, ജനറൽ സെക്രട്ടറി ഷഹി പ്രഭാകരൻ, ബോർഡ് ഓഫ് ട്രസ്റ്റി സെക്രട്ടറി സുധാ കർത്താ, ആനി പോൾ, സണ്ണി വൈക്ലിഫ്, തെരേസാ വൈക്ലിഫ്, പാർത്ഥസാരഥി പിള്ള, ആൻ പിള്ള, തമ്പി ചാക്കോ, ബോബി ജേക്കബ്, ജോസഫ് പോത്തൻ, ജേക്കബ് വർഗീസ്, മുരളി രാജൻ, സുരേഷ് രാജ് തുടങ്ങിയവർ പങ്കെടുത്തു.

പ്രസിഡന്റ് പോൾ കറുകപ്പിള്ളിൽ മീരാ ശങ്കറിന് ഫൊക്കാനയുടെ മംഗളം നേർന്നു. സണ്ണി വൈക്ലിഫും പാർത്ഥസാരഥി പിള്ളയും ആശംസാപ്രസംഗം നടത്തി.

തനിക്കു നൽകിയ സ്വീകരണത്തിൽ അംബാസിഡർ നന്ദി പറഞ്ഞു.

ഇന്തോ- അമേരിക്കൻ ബന്ധത്തിൽ പ്രവാസി ഭാരതീയർക്കുള്ള പങ്കിനെക്കുറിച്ച് മീരാ ശങ്കർ എടുത്തു പറഞ്ഞു. ഫൊക്കാന ജനറൽ സെക്രട്ടറി ഷഹി പ്രഭാകരന്റെ ഭാര്യ കലാ ഷഹിയും സംഘവും അവതരിപ്പിച്ച നൃത്ത സ്വീകരണ പരിപാടിയ്ക്ക് കൊഴുപ്പുകൂട്ടി. വിഭവസമൃദ്ധമായ സ്നേഹവിരുന്നോടെ പരിപാടികൾ സമാപിച്ചു.

# ലണ്ടനിൽ യാക്കോബായ കുടുംബസംഗമം

ജോസ് കുമ്പിളുവേലിൽ

**ലണ്ടൻ:** യു.കെയിൽ താമസിക്കുന്ന മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ കുടുംബസംഗമം സെപ്റ്റംബർ 12, 13 തീയതികളിൽ ലണ്ടനിൽ നടത്തും.

സംഗമത്തിന്റെ നടത്തിപ്പിനായി നിരണം ഭദ്രാസനാധിപനും യു.കെ പാത്രിയർക്കൽ വികാരിയുമായ ഡോ.ഗീവറുഗീസ് മാർ കൂറിലോസ് ചെയർമാനായി കമ്മറ്റി പ്രവർത്തനം ആരംഭിച്ചു. ലണ്ടൻ സിംഹാസന പള്ളി വികാരി ഫാ. രാജു ചെറുവള്ളി (ജനറൽ കൺവീനർ) ഫാ.ഗീവറുഗീസ് തണ്ടായത്ത് (കോർഡിനേറ്റർ) എന്നിവരാണ് മറ്റ് കമ്മറ്റി അംഗങ്ങൾ. യാക്കോബായ സഭയിലെ യു.കെ. മേഖലയിലെ വൈദികർ വൈസ് ചെയർമാന്മാരായി വിവിധ കമ്മറ്റികളും രൂപീകരിച്ചു.

കൂടുതൽ വിവരങ്ങൾക്ക്

ഫാ.രാജു ചെറുവള്ളിൽ 07946557954.

ഫാ.ഗീവറുഗീസ് തണ്ടായത്ത് 07961 785688.

ജിബി ആൻഡ്രൂസ് 7912886578.

ജേക്കബ് വർഗീസ് 07877094198.

സജി ചാക്കോ 07916350659.

ജേക്കബ് കോശി 07951828873.

# താരസംഗമം ഇന്ന് നയൻത് ഗ്രേഡ് ക്യാമ്പസ് ഓഡിറ്റോറിയത്തിൽ

**ഓസ്റ്റിൻ:** മലയാള സിനിമയിലെ ഹാസ്യസമ്രാട്ടായ ജഗതി ശ്രീകുമാറും കല്പനയും നയിക്കുന്ന ഹാസ്യകലാപരിപാടിയായ താരസംഗമം-2009 ഓസ്റ്റിൻ നയൻത് ഗ്രേഡ് ക്യാമ്പസ് ഓഡിറ്റോറിയത്തിൽ ജൂൺ ആറ് ശനിയാഴ്ച വൈകുന്നേരം അഞ്ചു മണിക്ക് നടക്കും.

അപർണ, ഹണി, രസികരാജാസ് ബാബു ആന്റ് ബൈജു, സുബി, പ്രശാന്ത്, രാജാ സാഹിബ്, ഗായകരായ സുധീപ്, സോണി എന്നിവരും പങ്കെടുക്കും.

പ്രശസ്ത നർത്തകി സിതാരയും സംഘവും വൈവിധ്യമാർന്ന നൃത്തങ്ങൾ അവതരിപ്പിക്കും. സിനിമാ സംവിധായകനായ വിജി തമ്പിയാണ് ഹാസ്യപരിപാടി അണിയിച്ചൊരുക്കുന്നത്.

ഓസ്റ്റിൻ സെന്റ് അൽഫോൻസാ കാത്തലിക് ചർച്ച്, സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് എന്നീ രണ്ടു ദേവാലയങ്ങൾ സംയുക്തമായിട്ടാണ് താരസംഗമം അവതരിപ്പിക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക്

സി.ജെ.പോൾ 5122496855, ജിബി പാറയ്ക്കൽ: 5126536525, രാജമ്മ സേവ്യർ: 5122467274, റെനിൽ ചാണ്ടി: 5122645515, വർഗീസ് പൗലോസ്: 5122386058, റൊനാൾഡ് കുര്യച്ചൻ: 5129027.

# ജോൺ തോമസിന്റെ സംസ്കാരം തിങ്കളാഴ്ച

**ഫിലാഡൽഫിയ:** കുറുപ്പുന്തറ കണ്ടാരപ്പള്ളിൽ തോമസ് ജോൺ-ലീലാമ്മ ദമ്പതികളുടെ മകൻ ജോൺസൺ (കുട്ടൻ 26) അന്തരിച്ചു.

വ്യൂയിംഗ് ഞായറാഴ്ച വൈകിട്ട് 6 മുതൽ 9 വരെ. സീറോ മലബാർ ചർച്ചിൽ സംസ്കാരശുശ്രൂഷ തിങ്കളാഴ്ച രാവിലെ 9ന് ആരംഭിക്കും.

പാലാ കാരാമയിൽ ലീലാമ്മയാണ് മാതാവ്. വിനീത ജോയൽ (ലണ്ടൻ), സൗമ്യ ബാബു പിറവം എന്നിവർ സഹോദരങ്ങളാണ്.





അപരനെ ഉപദേശിക്കുകയാണ് എളുപ്പമുള്ള കാര്യം.

– തെയിൽസ്

*എഡിറ്റോറിയൽ* **ജോർജ് തഴക്കര**

## പ്രതീക്ഷയുടെ നാനാർത്ഥം

ലോകസമൂഹം വലിയ പ്രതീക്ഷയോടെയാണ് അമേരിക്കൻ പ്രസിഡന്റ് ബരാക് ഒബാമയുടെ മുസ്ലീം രാജ്യങ്ങളിലെ സന്ദർശനത്തെ കാണുന്നത്. ലോകത്തിലെ പ്രഥമ പൗരൻ മുൻ ഭരണാധികാരിയിൽ നിന്നും വ്യത്യസ്തനായി ചുറ്റുമുള്ള സമൂഹങ്ങളെ തിരിച്ചറിയുവാൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന ഈ ദൗത്യം വിജയകരമാകേണ്ടതുണ്ട്. ചരിത്രപരമായ കാരണങ്ങളാലും അധിനിവേശ സാഹചര്യങ്ങളാലും എന്നും പോരാടി നിൽക്കുന്ന രണ്ടു സമൂഹങ്ങളുടെ ഒത്തുചേരലായി ഇതു പരിണമിക്കണം. ഇതിനെ പരാജയപ്പെടുത്താൻ ശ്രമിക്കുന്ന തീവ്രവാദികളുടെ എണ്ണം കുറവാണെങ്കിലും അവരെ ചെറുത്തു തോല്പിക്കുവാനുള്ള പ്രയത്നം വളരെ വലുതാണ്. മുസ്ലീം ജനതയുടെ മുറിവുണക്കേണ്ട ഭാരിച്ച ദൗത്യം ഏറ്റെടുത്ത ഒബാമയുടെ സഞ്ചാരപഥങ്ങളെ സഫലീകരിക്കേണ്ടത് പുതിയ ഒരു ലോകത്തിന്റെ സമാധാനത്തിന് ആവശ്യമാണ്. രോഗങ്ങളെയും ആയുധങ്ങളെയും പ്രതിരോധിക്കുവാൻ കഴിഞ്ഞേക്കും. മനസ്സിലങ്കുരിച്ച അകൽച്ചയേയും പ്രതികാരമനോഭാവത്തേയും മാറ്റിമറിക്കുവാൻ സൗഹൃദത്തിനു മാത്രമെ കഴിയുകയുള്ളു. ഇത് തിരിച്ചറിഞ്ഞ ഒരു ഭരണാധിപന്റെ ഉയർച്ചയാണ് അമേരിക്കയുടെ വളർച്ചയെ നിയന്ത്രിക്കുന്ന പ്രധാന ഘടകം.

ഒരു വനിത ആദ്യമായി ലോകസഭാ സ്പീക്കറായി ഇന്ത്യൻ ജനാധിപത്യചരിത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ദളിത് മുന്നേറ്റത്തിന്റെ മുന്നണിപോരാളിയായിരുന്ന ജഗ്ജീവൻ റാമിന്റെ മകൾ മീരാ കുമാറിനാണ് ഈ അസുലഭ ഭാഗ്യം ലഭിച്ചിരിക്കുന്നത്. സൗമ്യതയാണ് മീരാകുമാറിന്റെ വലിയ പ്രത്യേകത. എഴുത്തുകാരിയും പത്രാധിപരുമായിരുന്ന മീര സ്പെയ്നിലും ഇംഗ്ലണ്ടിലും മൗറീഷ്യസിലും ഇന്ത്യൻ എംബസിയിൽ സേവനം ചെയ്തതിനുശേഷമാണ് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. ദളിത് സമൂഹത്തോടുള്ള യു.പി.എ സർക്കാരിന്റെ അനുഭാവമാണ് ഇതിലൂടെ പ്രകടിതമാകുന്നതെങ്കിലും ആ വിഭാഗത്തെ കൂടുതലായി അണിചേർക്കാനുള്ള തന്ത്രമായും ഇതിനെ കാണുന്നവരുണ്ട്.

ആദ്യ രാഷ്ട്രപതിയും ആദ്യ സ്പീക്കറും വനിതയാകുന്ന പതിനഞ്ചാം ലോകസഭയുടെ പ്രധാന ദൗത്യം ഇനിയും 'ബോധപൂർവ്വം' വിസ്മരിക്കപ്പെടുന്ന വനിതാ ബില്ലാണ്.

മുപ്പത്തിമൂന്ന് ശതമാനം വനിതകളുടെ സാന്നിധ്യം ലോകസഭയിൽ ഉറപ്പുവരുത്തേണ്ട ആ ബില്ല് പ്രകടമായ തടസ്സമൊന്നുമില്ലാതിരുന്നിട്ടും കഴിഞ്ഞ ലോകസഭാ സമ്മേളനത്തിൽ തമസ്കരിക്കപ്പെട്ടു. അതു നടപ്പിലാക്കുവാൻ ഈ സർക്കാരിനു കഴിയുമോ എന്നതാണ് പ്രസക്തമായ ചോദ്യം.

നിഷ്പക്ഷമായും പ്രതിബദ്ധമായും സൗമ്യമായും പതിനഞ്ചാം ലോകസഭയെ നിയന്ത്രിക്കുവാൻ മീരാ കുമാറിനു കഴിയേണ്ടതുണ്ട്.

**കേ**രളം വിഴുപ്പലക്കിന്റെ നാളുകളിലൂടെ കടന്നുപോകുകയാണ്. രാഷ്ട്രീയ നേതാക്കളും സാംസ്കാരിക നായകന്മാരും സൗമ്യത നഷ്ടപ്പെട്ട രീതിയിൽ പ്രതികരിക്കുന്നു. എവിടെ എന്തു നടന്നാലും അതിനോടു പ്രതികരിക്കേണ്ട സാംസ്കാരിക നായകനാണ് സുകുമാർ അഴീക്കോട്. അതിനുള്ള അദ്ദേഹത്തിന്റെ അവകാശം കേരള സമൂഹം അദ്ദേഹത്തിനു നൽകിയിട്ടുണ്ട്. കേരള മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന്റെ ആത്മകഥയ്ക്കും പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടിയുടെ ഓർമ്മക്കുറിപ്പുകൾക്കും അവതാരിക എഴുതിയത് അഴീക്കോടാണ്. ഭരണ പ്രതിപക്ഷ വ്യത്യാസം കൂടാതെ ഇരുകൂട്ടരും അദ്ദേഹത്തെ അംഗീകരിക്കുന്നു എന്നതിന്റെ തെളിവുകൂടിയാണത്. അഴീക്കോടിന്റെ പ്രസംഗശൈലി കേരളസമൂഹത്തിന് അറിയാൻ പാടില്ലാത്തതല്ല. ചെറിയ ചെറിയ 'തട്ടുകൾ' നൽകി 'തട്ടിയുണർത്തുന്ന' ചിന്തകളാണ് ആ പ്രഭാഷണത്തിലുള്ളത്. എന്നാൽ അദ്ദേഹത്തെ കേൾക്കുന്നവർ ആ പ്രസംഗത്തിന്റെ സാരാംശം ഗ്രഹിക്കുമ്പോൾ മാധ്യമങ്ങൾ അതിലെ ചെറിയ 'തട്ടുകളെ' വലിയ 'തട്ടകങ്ങളാക്കി' പ്രചരിപ്പിക്കുന്നു. ഉള്ളിലൊന്നും സൂക്ഷിക്കാത്തതുകൊണ്ട് ഉള്ളതു പറയുന്ന പ്രകൃതമാണ്. അത് കേൾക്കാൻ എല്ലാവർക്കും ഇഷ്ടവുമാണ്, തന്നെയായിരിക്കരുത് എന്ന നിർബന്ധവും എല്ലാവർക്കുമുണ്ട്. ശ്രീനാരായണ ഗുരുകുലപ്രസ്ഥാനത്തിന്റെ ആചാര്യനായ മുനിനാരായണപ്രസാദിന്റെ എഴുപതാം ജന്മദിനത്തിൽ നടത്തിയ പ്രസംഗത്തിലെ ചില പരാമർശത്തിന്റെ പേരിൽ വെള്ളാപ്പള്ളി നടേശനും, ഒടുവിലിതാ വി.എസ്. അച്യുതാനന്ദനുമായി അഴിക്കോട് കൊമ്പു കോർക്കുന്നു. അർദ്ധസത്യങ്ങളെയും പൂർണ്ണസത്യങ്ങളെയും വിളിച്ചുപറയുന്നവരുടെ എണ്ണം പരിമിതിമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് അഴീക്കോടിന്റെ വാക്കുകൾക്ക് പ്രസക്തിയുണ്ട്. അതു നാം തിരിച്ചറിയുമ്പോഴേക്കും മറ്റൊരാളെ കണ്ടെത്താൻ കഴിയാതെയും വരും. ഇവിടെ ഇടനിലക്കാരായ മാധ്യമങ്ങളാണ് പ്രതിസ്ഥാനത്തു നിൽക്കുന്നത്. എഴുതുവാൻ മാത്രമല്ല, പലതും എഴുതാതിരിക്കുവാനും വേണ്ട പരിശീലനം പത്രപ്രവർത്തകർക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു.

# വേൾഡ് മലയാളി കൗൺസിൽ ഹംഗറി പ്രൊവിൻസ് ഉദ്ഘാടനം ചെയ്തു



**ജോസ് കുമ്പിളുവേലിൽ**

**ബുഡാപെസ്റ്റ്:** വേൾഡ് മലയാളി കൗൺസിൽ ഹംഗറി പ്രൊവിൻസ് ഉദ്ഘാടനം ചെയ്തു.

മെയ് 22 വെള്ളിയാഴ്ച വൈകിട്ട് 7ന് ബുഡാപെസ്റ്റിലെ സെന്റ് അർനോൾഡ് റിട്രീറ്റ് സെന്ററിൽ ഡബ്ല്യു എം.സി.ഗ്ലോബൽ ചെയർമാൻ സോമൻ ബേബി (ബഹ്റൈൻ), ഗ്ലോബൽ പ്രസിഡന്റ് ജോളി തടത്തിൽ (ജർമ്മനി), ഗ്ലോബൽ സെക്രട്ടറി ജോർജ് കാക്കനാട്ട് (അമേരിക്ക), ആഫ്രിക്ക റീജിയൻ ട്രഷറർ മത്തായി ജേക്കബ് (നൈജീരിയ), ഡബ്ല്യു.എം.സി. യൂറോപ്പ് റീജിയൻ ചെയർമാൻ മാത്യു കുഴിപ്പള്ളിൽ (സ്വിറ്റ്സർലൻഡ്), ഡബ്ല്യു.എം.സി. യൂറോപ്പ് റീജിയൻ പ്രസിഡന്റ് പ്രിൻസ് പള്ളിക്കുന്നേൽ (ഓസ്ട്രിയ), ഹംഗറി പ്രൊവിൻസ് നിയുക്ത ചെയർമാൻ എൻ.ശേഷൻ എന്നിവർ സംയുക്തമായി ഭദ്രദീപം കൊളുത്തിയാണ് പ്രൊവിൻസിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്.

റീജിയൻ പ്രസിഡന്റ് പ്രിൻസ് പള്ളിക്കുന്നേൽ കൗൺസിൽ രേഖകൾ നിയുക്ത ചെയർമാൻ എൻ.ശേഷന് കൈമാറിക്കൊണ്ട് പ്രൊവിൻസ് നിലവിൽ വന്നതായി പ്രഖ്യാപിച്ചു.

ഫാ.സെബാസ്റ്റ്യൻ മാടശേരിൽ എസ്.വി.ഡി സ്വാഗതവും റീജിയൻ സെക്രട്ടറി തോമസ് കണ്ണൻകേരിൽ നന്ദിയും പറഞ്ഞു.

കൗൺസിലിന്റെ നാല്പത്തിയാറാമത്തെ പ്രൊവിൻസും യൂറോപ്പ് റീജിയന്റെ കീഴിൽ (ഓസ്ട്രിയ, ജർമ്മനി, യു.കെ, സ്വിറ്റ്സർലൻഡ്, ഇറ്റലി, റഷ്യ) ഏഴാമത്തെ പ്രൊവിൻസുമാണ് ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിൽ ഉദ്ഘാടനം ചെയ്തത്.

തുടർന്ന് കലാ സാംസ്കാരിക പരിപാടികളും അരങ്ങേറി. മലയാളികൾക്കൊപ്പം നിരവധി ഹംഗറിക്കാരും ചടങ്ങിൽ പങ്കെടുത്തു.

ഡെന്നിസ് ചിറയത്ത്, ജോഷി ചെറുകാട് (ഓസ്ട്രിയ) എന്നിവർ സാംസ്കാരിക പരിപാടികൾ കോർഡിനേറ്റു ചെയ്തു.

ഡബ്ല്യു.എം.സി.യൂറോപ്പ് റീജിയന്റെ കുടുംബസംഗമത്തിലാണ് പ്രൊവിൻസിന്റെ ഉദ്ഘാടനം നടന്നത്. നൂറ്റിയമ്പതോളം കുടുംബങ്ങൾ സംഗമത്തിൽ പങ്കെടുത്തു.

ഡബ്ല്യു.എം.സി. യൂറോപ്പ് റീജിയൻ സെക്രട്ടറി തോമസ് കണ്ണൻകേരിൽ (ജർമനി), ട്രഷറർ ഡോ.ജോയി പറമ്പേട്ട് (സ്വിറ്റ്സർലൻഡ്), ഓസ്ട്രിയൻ പ്രൊവിൻസ് പ്രസിഡന്റ് ജോഷിമോൻ എർണാകേരിൽ, ജർമൻ പ്രൊവിൻസ് പ്രസിഡന്റ് മേഴ്സി തടത്തിൽ, ഗ്ലോബൽ അസോസിയേറ്റ് സെക്രട്ടറി ജോജോ പാറയ്ക്കൽ, ബെന്നി മാളിയേക്കൽ, ബെറ്റി കിഴക്കേടത്ത് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പരിപാടികൾ നടന്നത്.



# ഫോമാ ന്യൂ ഇംഗ്ലണ്ട് റീജിയൻ പ്രവർത്തന ഉദ്ഘാടനം ഇന്ന്

**ജോയിച്ചൻ പുതുക്കുളം**

**ന്യൂ ഇംഗ്ലണ്ട്:** ലാസ്വെഗാസിൽ നടക്കാനിരിക്കുന്ന ഫോമ ദേശിയ കൺവൻഷന്റെ ഭാഗമായുള്ള രജിസ്ട്രേഷൻ കിക്കോഫും ന്യൂ ഇംഗ്ലണ്ട് പ്രവർത്തന ഉദ്ഘാടനവും ജൂൺ 6ന് വൈകിട്ട് നാലു മുതൽ നടക്കുമെന്ന് റീജീയൻ വൈസ് പ്രസിഡന്റ് കുര്യൻ വർഗീസ് അറിയിച്ചു.

ഫോമാ പ്രസിഡന്റ് ജോൺ ടൈറ്റസ് ന്യൂ ഇംഗ്ലണ്ട് റീജിയന്റെ പ്രവർത്തന ഉദ്ഘാടനം നിർവ്വഹിക്കും. ജൂലൈ ഒന്നു മുതൽ അഞ്ചുവരെ ലാസ്വെഗാസിൽ നടക്കുന്ന ഫോമാ കൺവൻഷന്റെ റീജിയനിലെ ആദ്യ രജിസ്ട്രേഷൻ ഫോമാ സെക്രട്ടറി ജോൺ സി.വർഗീസ് സ്വീകരിക്കും.

നാഷനൽ കമ്മറ്റി അംഗങ്ങളായ ഷമീമാ റാവുത്തർ, ഐസക് ചെറിയാൻ, ഫോമാ സാഹിത്യവേദി ചെയർമാനും കണക്ടിക്കട്ട് മലയാളി അസോസിയേഷൻ പ്രസിഡന്റുമായ റീനി മമ്പലം തുടങ്ങിയവർ ആശംകൾ അറിയിക്കും.

എല്ലാ മലയാളി സുഹൃത്തുക്കളേയും ചടങ്ങിലേക്ക് ക്ഷണിക്കുന്നതായി റീജിയനൽ വൈസ് പ്രസിഡന്റ് കുര്യൻ വർഗീസ് അറിയിച്ചു.

# മാർ സിൽവാറിയോസിന് സ്വീകരണം നൽകി



**ഷിക്കാഗോ:** ക്നാനായ യാക്കോബായ അതിഭദ്രാസന നോർത്ത് അമേരിക്കൻ മേഖലയുടെ പ്രഥമ മെത്രാപ്പോലീത്തയായ ആർച്ച് ബിഷപ്പ് അയൂബ് മാർ സിൽവാനിയോസ് മെത്രാപ്പോലീത്തായ്ക്ക് സെന്റ് മേരീസ് ക്നാനായ യാക്കോബായ പള്ളിയിൽ സ്വീകരണം നൽകി.

മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിൽ കുർബാന നടന്നു.

തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ വികാരി ഫാ. തോമസ് മേപ്പുറത്ത് അദ്ധ്യക്ഷത വഹിച്ചു.

ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ലെജി പട്ടരുമഠത്തിൽ, പുഷ്പ മാലിക്കറുകയിൽ, കെവിൽ ഫിലിപ്പ് കളരിത്തറ എന്നിവർ ആശംസകൾ പറഞ്ഞു.

സെക്രട്ടറി ബിജോയ് മാലത്തുശേരിൽ സ്വാഗതവും ട്രസ്റ്റി സജി കളരിത്തറ നന്ദിയും പറഞ്ഞു.

# Parivar International



**New York:** Parivar International launched its North East Regional Office on May 23rd, 2009 at the United Methodist Church in New Hyde Park, New York. Mr. Sam George, Parivar's Executive Director, spoke about the current needs and challenges of the Asian Indian American families and how Parivar is serving to educate, prevent and support the needs of this community. He highlighted Parivar's operation in the US for the past five years and the importance of having such services concentrated in various parts of United States not just for accessibility but also to meet the demands. The North East Region comprises of states such as New York, New Jersey, Connecticut, and Pennsylvania.

Parivar International is a US based Christian non profit organization committed to building strong families among Asian American communities irrespective of caste, color, nationality or faith. The vision of Parivar is to build strong marriages and families through education, counseling, providing resources and practical help. Parivar offers free counseling services and nation wide referral services for youths, young adults, couples and parents. It conducts seminars and retreats for marriage preparation, family enrichment and parenting; organizes faith/community based family fellowship groups, conducts research and develops resources to help families. Parivar's services can be obtained by calling the Family helpline (1-877-PHELP-11), 847-362-1804, 860-819-4066.

More information about the organization is available at www.parivarinternational.org

# മുൻ എം.പി.വക്കച്ചൻ മറ്റത്തിന് സ്വീകരണം



**സൗത്ത് ഫ്ളോറിഡ:** നവകേരളയുടെ ആഭിമുഖ്യത്തിൽ മുൻ എം.പി. വക്കച്ചൻ മറ്റത്തിന് ഫ്ളോറിഡയിൽ സ്വീകരണം നൽകി.

അമേരിക്കയിൽനിന്ന് എം.ബി.എ നേടിയിട്ടുള്ള വക്കച്ചൻ താൻ പഠിച്ച ബാച്ചിന്റെ റീയൂണിയൻ സമ്മേളത്തിൽ സംബന്ധിക്കാൻ എത്തിയതാണ്.

ഇപ്പോൾ കേരള കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറിയാണ്.

സീറോ മലബാർ പള്ളി വികാരി റവ.ഫാ.സക്കറിയാസ് തോട്ടുവേലി സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു.

നവകേരളാ സെക്രട്ടറി സാജു വടക്കേൽ വക്കച്ചൻ മറ്റത്തിനെ പരിചയപ്പെടുത്തി.

നവകേരളാ പ്രസിഡന്റ് ജിജി നീലത്തുംമുക്കിലിൽ അദ്ധ്യക്ഷത വഹിച്ചു.

ആന്റണി തോമസ്, ആനന്ദൻ നിരവേൽ, വിൻസന്റ് ലൂക്കോസ്, ലൂക്കോസ് പൈനുങ്കൽ, ജോൺ ഉണ്ണൂണ്ണി, മേരി നിക്കോളാസ്, രാജേന്ദ്രൻ കുട്ടി കുഞ്ഞൻ, ബെറ്റ്സി ലൂക്കോസ്, ജോൺസൺ ജോസഫ്, ഡോണാ പാനിക്കുളങ്ങര, അഞ്ജനാ ദീപു എന്നിവർ പ്രസംഗിച്ചു.

ലൂയിസ് പാലാകുന്നേൽ, ക്രിസ്റ്റൽ ലൂക്കോസ്, ദിവ്യ സണ്ണി എന്നിവർ കലാപരിപാടികൾ അവതരിപ്പിച്ചു.

അലക്സ് സെബാസ്റ്റ്യൻ, സണ്ണി ജോസഫ്, മാത്യു പൂവൻ, റോസിലി പാനിക്കുളങ്ങര, ഷീലാ ജോസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.



# ആഗോള താപനത്തിനു മരമാണ് മറുപടി

കേരള വനംവകുപ്പ് മന്ത്രി **ബിനോയ് വിശ്വം**

**2009**ലെ ലോക പരിസ്ഥിതി ദിനം ശ്രദ്ധേമാകുന്നത് ഹരിതകേരളം പദ്ധതിയിലൂടെയാണ്. വനംവകുപ്പും തദ്ദേശ ഭരണവകുപ്പും കൈ കോർത്തുകൊണ്ട് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലുമായി ജൂൺ മാസം അഞ്ചാം തീയതി അമ്പത്തിയഞ്ച് ലക്ഷം തൈകൾ വച്ചുപിടിപ്പിക്കും. 2010 ജൂൺ 5ന് ഇത്രയും വൃക്ഷതൈകൾ നട്ടുപിടിപ്പിക്കാൻ വനം-തദ്ദേശ വകുപ്പുകൾ പദ്ധതികൾ ആവിഷ്കരിച്ചുകഴിഞ്ഞു. 2009- 2010 വർഷങ്ങളിലായി ഒരു കോടി വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചുകൊണ്ട് കേരളത്തിന്റെ ചെറിയ ഭൂവിസ്തൃതിയിൽ സാധ്യമാകുന്നിടത്തോളം അധികം വൃക്ഷാവരണം ഉണ്ടാക്കുവാനും അതിലൂടെ പ്രകൃതിയെ സംരക്ഷിക്കുന്ന ഒരു പുത്തൻ അവബോധത്തിന്റെ പാതയിലേക്ക് ജനങ്ങളെ ആകെ അണിചേർക്കാനുമുള്ള മഹാസംരംഭത്തിന് നാം ആരംഭം കുറിക്കുകയാണ്.

ആഗോളതാപനത്തിന്റെ പശ്ചാത്തലത്തിൽ ഈ ഹരിത കേരളം പദ്ധതിയുടെ സാമൂഹിക പ്രസക്തിയെപ്പറ്റി ദീർഘമായി പറയേണ്ടതില്ലായെന്ന് എനിക്കുറപ്പുണ്ട്. ലോകത്തിന് ചൂടുപിടിക്കുകയാണ്. ആ താപനത്തിന്റെ മുന്നിൽ ഭൂമി ആകെ ചുട്ടുപൊള്ളുകയാണ്. മനുഷ്യന്റെ, ജീവജാലങ്ങളുടെ, പ്രകൃതിയുടെ എല്ലാം സകല പച്ചപ്പുകളും പാളിപ്പോകുന്നുവെന്ന ആശങ്ക ലോകത്തിലെല്ലായിടത്തും ഉയർന്നുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഭൂമിയെയും ജീവനെയും സ്നേഹിക്കുന്നവരെല്ലാം നമ്മുടെ ഭാവിക്കുവേണ്ടി ചെയ്യേണ്ട ഏറ്റവും മഹത്തായ കർത്തവ്യങ്ങളിലൊന്ന് ആഗോളതാപനത്തിന്റെ വിപത്തുകളെ ചെറുക്കലാണെന്ന് ലോകത്തിനാകെ ബോധ്യമായിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനത്തിലൂടെ നമ്മുടെ സമ്പദ്ഘടനയെയും കാർഷിക മേഖലയെയും വനസമ്പത്തിനെയും പുഴകളെയും ജലാശയങ്ങളെയും എല്ലാത്തിനെയും ഇന്ന് തീക്ഷ്ണമായ അവസ്ഥയിലെത്തിക്കുന്ന ഒരു പാരിസ്ഥിതിക പ്രതിസന്ധി നമ്മുടെ കൺമുന്നിലുണ്ട്. ഈ തീക്ഷ്ണമായ സാഹചര്യങ്ങളിൽ ഒരു ലക്ഷ്യബോധമുള്ള ജനതയ്ക്ക് ഏറ്റെടുക്കാൻ കഴിയുന്ന മഹത്തായ കർത്തവ്യങ്ങളിൽ ഒന്നായിട്ടാണ് ഹരിതകേരളം പദ്ധതിയെ കാണേണ്ടത്. ഈ പദ്ധതി രണ്ടു സർക്കാർ വകുപ്പുകൾ തമ്മിൽ ഒന്നിച്ചുചേർന്നുകൊണ്ട് നടപ്പിലാക്കുന്ന ഒരു കേവലമായ സർക്കാർ പരിപാടിയായി ചുരുങ്ങിപ്പോകാൻ പാടില്ലായെന്ന് നിർബന്ധമുണ്ട് നമുക്കെല്ലാവർക്കും. എല്ലാ അർത്ഥത്തിലും ഒരു ജനകീയ പദ്ധതിയായി ആവിഷ്കരിക്കപ്പെടണം. ആ രീതിയ്ക്ക് ഇത് പ്രാവർത്തികമാകണം. ഇതാണ് നമ്മുടെ സങ്കല്പം. അതുകൊണ്ടാണ് നട്ടുപിടിപ്പിക്കുന്ന ഓരോ വൃക്ഷത്തെയും പരിപാലിക്കപ്പെടണം എന്ന് ഉറപ്പാക്കുവാൻ ഗവൺമെന്റ് ഔത്സുക്യം കാണിക്കുന്നത്. അതിന്റെ ഭാഗമായാണ് ദേശിയ തൊഴിലുറപ്പു പദ്ധതിയുമായി നാം ഹരിത കേരളത്തെ ബന്ധിപ്പിക്കുന്നത്. അതുവഴി പതിനായിരക്കണക്കായ തൊഴിൽ ദിനങ്ങൾ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലുമായി സൃഷ്ടിക്കപ്പെടുകയാണ്. ആവശ്യമായ സാമ്പത്തികം എൻ.ആർ.ജി. ഫണ്ടിൽ നിന്ന് ഉണ്ടാകാൻ ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തുകഴിഞ്ഞു.

കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും വിപുലമായ ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ഹരിതകേരളം പദ്ധതി വിജയകരമായി മുന്നോട്ടു പോകുമെന്ന് ഉറപ്പിച്ചു പറയുവാൻ കഴിയും. നാം നമ്മുടെ മക്കളുടെ നന്മയ്ക്കും ഭാവിക്കുംവേണ്ടി പുത്തൻ തീരുമാനങ്ങളുമായി മുന്നോട്ടുപോകുകയാണ്. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ഏറ്റവും മഹത്തായ ജനകീയ പങ്കാളിത്തത്തോടെ കേരളത്തിന്റെ സോഷ്യൽ ഫോറസ്റ്ററിയുടെ മുഖച്ഛായയെ മാറ്റിക്കുറിച്ചുകൊണ്ട് അഭിമാനപൂർവ്വം പറയുവാൻ കേരളത്തിനു കഴിയും. എന്റെ മരം പദ്ധതി, നമ്മുടെ വനപദ്ധതി, വഴിയോരത്തണൽ, ഹരിത തീരം ഈ പദ്ധതികളിലൂടെ അമ്പത്തിയെട്ട് ലക്ഷം തൈകളാണ് ഈ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ നാം കേരളത്തിൽ നട്ടുനനച്ച് വളർത്തിയെടുത്തത്. അതിൽ മഹാഭൂരിപക്ഷവും അതിജീവിച്ചുവന്ന കാര്യവും നമ്മെ എല്ലാവരേയും ആവേശഭരിതരാക്കുന്നുണ്ട്. ഈ അനുഭവത്തിന്റെയും ആവേശത്തിന്റെയും മേൽ കൈവച്ചുകൊണ്ടാണ് നമ്മൾ ഹരിതകേരളത്തിന്റെ വിജയത്തിനുവേണ്ടി അണിചേരുന്നത്. തീർച്ചയായും ഹരിതകേരളം വിജയിക്കുക തന്നെ ചെയ്യും.

ആഗോളതാപനം വനമാണ് മറുപടിയെന്ന മുദ്രാവാക്യവുമായി മുന്നോട്ടു പോകുന്ന നമ്മുടെ ജനത ഈ ആഗോളതാപനത്തിന്റെ ദുസഹമായ വെല്ലുവിളിക്കുമുന്നിൽ ഈ നാടിന്റെ ജനതയുടെ യഥാർത്ഥമായ പ്രതിഫലനം രേഖപ്പെടുത്താൻ ശ്രമിക്കുകയാണ്. നാം കൈ കെട്ടി നിസംഗരായി ഇരിക്കാൻ പോകുന്നില്ല. നമ്മുടെ ജനതയെ മുഴുവൻ വിളിച്ചുണർത്തിക്കൊണ്ട് നാം പ്രകൃതിയുടെ നിലവിളിക്കുമുന്നിൽ നമ്മുടെതായ ഉത്തരം കൊടുക്കാൻ തയ്യാറായിക്കൊണ്ടിരിക്കുന്നു.

പ്രകൃതിയെ സംരക്ഷിക്കുവാനും അതിലൂടെ മാനവരാശിയുടെ ഭാവിയെ പ്രകാശമാനമാക്കുവാനും വേണ്ടിയുള്ള ഈ പരിശ്രമത്തിൽ സ



ഹകരിക്കുവാൻ ഞാൻ ഈ സമൂഹത്തിലെ എല്ലാവരോടും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഹരിതകേരള പദ്ധതി വിജയകരമാക്കുന്നതിനുവേണ്ടി എല്ലാ ലഭ്യമായ സ്ഥലങ്ങളിലും പുറമ്പോക്കുകളിലും സർക്കാർ വളപ്പുകളിലും വിദ്യാലയ വളപ്പുകളിലും പുഴയിറമ്പുകളിലും എവിടെയെല്ലാം സ്ഥലം ലഭ്യമാകുമോ അവിടെയെല്ലാം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചുകൊണ്ട് ഹരിത കേരള പദ്ധതിയെ സ്വന്തം പദ്ധതിയായി ഏറ്റെടുക്കണമെന്ന്, അതിന്റെ വിജയത്തിനുവേണ്ടി എല്ലാ ഘട്ടങ്ങളിലും ജൂൺ മാസം അഞ്ചാം തീയതി മാത്രമല്ല, ഈ ദിനത്തിലോ ഈ ആഴ്ചയിലോ ഈ മാസമോ, ഈ വർഷമോ മാത്രമല്ല, നമുക്ക് നമ്മുടെ ഭാവിക്കുവേണ്ടി എന്നുവരെ പ്രവർത്തിക്കുവാൻ കഴിയുമോ അന്നുവരെയും ഈ സന്ദേശം വരുംതലമുറയ്ക്ക് മാതൃകയായി തീരേണ്ടുന്ന നമ്മുടെ ആ അർപ്പണബോധം ഈ മഹത്തായ ആശയത്തിനുവേണ്ടി സമർപ്പിക്കുമെന്ന് കൂട്ടായി നമുക്ക് തീരുമാനിക്കാം.

ഹരിത കേരളത്തിന്റെ വിജയത്തിനുവേണ്ടി നിങ്ങളുടെ എല്ലാവരുടെയും പങ്കാളിത്തം ഉണ്ടാകണമെന്ന് ഞാൻ എല്ലാ സഹോദരിമാരോടും സഹോദരന്മാരോടും കേരള സർക്കാരിനുവേണ്ടി അഭ്യർത്ഥിക്കുന്നു.

# പ്രെയർ ലൈൻ കോൺഫറൻസ്

**ബോസ്റ്റൺ:** ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിശ്വാസികളെ ടെലിഫോൺ ശൃംഖല വഴി കോർത്തിണക്കിക്കൊണ്ടുള്ള പ്രാർത്ഥനാ സംവിധാനമായ പ്രെയർ ലൈൻ കോൺഫറൻസ് വിജയകരമായി പര്യവസാനിച്ചു.

മെയ് 22 മുതൽ 24 വരെ ബോസ്റ്റണിലെ ബർലിങ്ടൺ സിറ്റിയിലുള്ള ഇന്റർനാഷണൽ ചർച്ച് ഓഫ് ഗോഡ് ദേവാലയങ്കണത്തിലാണ് പ്രെയർ ലൈൻ നടന്നത്.

നൂറുകണക്കിനാളുകൾ കോൺഫറൻസിൽ പങ്കെടുത്തു.

പാസ്റ്റർമാരായ ജോസഫ് സൈമൺ, ജോസഫ് മാത്യു, എബി മാമ്മൻ, കെ.സി.ചാക്കോ, ജോർജ് വർഗീസ്, കെ.കെ.ശമുവേൽ, കെ.ജി.ശമുവേൽ തുടങ്ങിയവർ വചനം ഘോഷിച്ചു.

സതീഷ് പദ്മനാഭൻ അവതരിപ്പിച്ച ട്രിക്സ് ഫോർ ദ് ട്രൂത്ത് പ്രശംസ പിടിച്ചുപറ്റി.

ബൈബിൾ സത്യങ്ങളുടെ ഒരു ദൃശ്യാവിഷ്കരണം ആയിരുന്നു ട്രിക്സ് ഫോർ ദ് ട്രൂത്ത്.

കൂടുതൽ വിവരങ്ങൾക്ക്: 712 432 3900.

# ടൈറ്റാനിക് ദുരന്തം അവസാന സാക്ഷിയും കടന്നുപോയി

**ലണ്ടൻ:** ടൈറ്റാനിക് ദുരന്തം നേരിൽ കണ്ട അവസാന സാക്ഷിയും കടന്നുപോയി.

ബ്രിട്ടനിലെ നഴ്സിംഗ് ഹോമിൽ തിങ്കളാഴ്ചയായിരുന്നു തൊണ്ണൂറ്റിയേഴുകാരിയായ എലിസബത്ത് ഗ്ലാഡിയസ് ഡീൻ എന്ന മിൽവിനയുടെ അന്ത്യം.

സാമ്പത്തിക ബാധ്യത കാരണം തന്റെ ഹൃദയത്തോട് ചേർത്തുവച്ചിരുന്ന പലതും ലേലത്തിൽ വിൽക്കേണ്ടിവന്ന മിൽവിനയ്ക്ക് പ്രതിമാസം രണ്ടരലക്ഷം ഡോളറിന്റെ മരുന്നുകളാണ് വേണ്ടിയിരുന്നത്. തന്റെ അമ്മയ്ക്കു ടൈറ്റാനിക് ദുരിതാശ്വാസനിധിയിൽ നിന്നയച്ച കത്തടക്കം മിൽവിന ലേലം ചെയ്തിരുന്നു. ടൈറ്റാനിക് ദുരന്തത്തിന്റെ കഥ പറഞ്ഞു പതിനൊന്ന് ഓസ്കാർ പുരസ്കാരങ്ങളും ലോകമെമ്പാടും ഹി



റ്റ് കളക്ഷനും നേടിയെടുത്ത 'ദ ടൈറ്റാനിക്' എന്ന സിനിമയുടെ സംവിധായകൻ ജെയിംസ് കാമറൂണിന്റെ ശ്രദ്ധ മിൽവിനയിൽ എത്തുന്നത് ഈ ലേലത്തോടെയാണ്. 17 ലക്ഷം ഡോളർ മിൽവിനയ്ക്കുവേണ്ടി മുഖ്യതാരങ്ങളും സംവിധായകനും ചേർന്ന് നൽകിയിരുന്നു.

ടൈറ്റാനിക്ക് ദുരന്തം നടക്കുമ്പോൾ മിൽവിന ഒമ്പതുമാസം മാത്രം പ്രായമുള്ള കൈക്കുഞ്ഞായിരുന്നു.



കഥ

# കുന്നുംപുറത്തു മാതാവും ന്യായവിധിയും



നീനാ പനയ്ക്കൽ

**‘കു**ട്ടപ്പായി കള്ളുകുടിക്കും’ കുന്നുംപുറത്തു പള്ളിമുറ്റത്തു കുരിശടിയുടെ മുന്നിൽ നെഞ്ചത്ത് കൈകൾ കൂപ്പി നിന്നു കുട്ടപ്പായി മാതാവിനോടു പറഞ്ഞു.

‘എന്റെ ഭാര്യ ഏല്യാമ്മ ചൊറിയുന്ന വർത്തമാനം പറയുമ്പോൾ അവൾക്കിട്ട് രണ്ട് തൊഴിക്കേം ചെയ്യും. പക്ഷെ, മാതാവിന്റെ മുമ്പിൽ കുട്ടപ്പായി ഡീസന്റാ. അല്ലെങ്കിൽ മാതാവു പറ’.

കുട്ടപ്പായി മാതാവിന്റെ മുഖത്തേക്ക് ഉറ്റുനോക്കി. കത്തിച്ചുവച്ച മെഴുകുതിരി വെളിച്ചത്തിൽ ആ കണ്ണുകൾക്ക് നല്ല പ്രകാശം. ദയയും പ്രസന്നതയും തുളുമ്പുന്ന കണ്ണുകൾ.

‘മാതാവേ’ അയാൾ വീണ്ടും വിളിച്ചു.

‘അത്യാവശ്യമായി കുറച്ചു കാശുണ്ടാക്കേണ്ടിവന്നിരിക്കുന്നു. നമ്മുടെ പള്ളീലച്ചൻ പറഞ്ഞത് മാതാവും കേട്ടില്ല്യോ... ഈ ക്രിസ്തുമസ്സിന് ഇടവകയിലെ ഓരോ കുടുംബവും ഏറ്റവും കുറഞ്ഞത് അഞ്ഞൂറു രൂപായെങ്കിലും പള്ളി ഫണ്ടിലേക്ക് കൊടുക്കണമെന്ന്. പെണ്ണിനെ കെട്ടിക്കാനെന്നോ, പെര വച്ചു കൊടുക്കാനെന്നോ ഒക്കെ പറേന്ന കേട്ടു. കുട്ടപ്പായിക്ക് എവിടുന്നാ അഞ്ഞൂറു രൂപ? ഇങ്ങനെ പള്ളിപ്പിരിവ് വന്നാൽ കുട്ടപ്പായിക്ക് കക്കാൻ പോകേണ്ടിവരും. മാതാവ് കേക്കണൊണ്ടോ?’

സംസാരം നിർത്തി കുട്ടപ്പായി മാതാവിന്റെ മുഖത്തേക്ക് വീണ്ടും സൂക്ഷിച്ചു നോക്കി.

‘മാതാവെന്താ ഒന്നും മിണ്ടാത്തത്? മൗനം സമ്മതമെന്നെടുത്തോട്ടെ?’

കത്തിക്കൊണ്ടിരുന്ന മെഴുകുതിരി ഊതി അണച്ചിട്ട് അയാൾ മടിയിൽ തിരുകി. നാളെയും കത്തിക്കാം.

‘ശരി, എന്നാ ഞാൻ പോവാ. കട്ടെടുക്കുന്ന കാശു മുഴുവൻ അച്ചനു കൊടുത്തേക്കാം. ഒരു ചില്ലി കുട്ടപ്പായിക്കുവേണ്ട’.

നടക്കുന്നതിനിടയിൽ അയാൾ തിരിഞ്ഞ് മാതാവിന്റെ നേർക്ക് കൈ കൂപ്പി. ‘മാതാവെനിക്കൊരു ഉപകാരം ചെയ്യണം. എന്നെ പൊലീസിനെ കൊണ്ടു പിടിപ്പിക്കാൻ സമ്മതിക്കരുത്.’

കുട്ടപ്പായി നടന്നു. എവിടെപ്പോയി എന്തു മോഷ്ടിച്ചാൽ കൃത്യം രൂപയുണ്ടാക്കാം? കട്ടും മോഷ്ടിച്ചും ശീലമില്ല. അച്ചന്മാരിങ്ങനെ തുടങ്ങിയാൽ പിന്നെ എന്തോ ചെയ്യും.

ആലോചിച്ചാലോചിച്ച് വളരെ ദൂരം താണ്ടി. പൊള്ളുന്ന വെയിൽ, പൊരിയുന്ന വയറും തൊണ്ടയും. അടുത്തെങ്ങും ഒരു മുറുക്കാൻ കടപോലും കാണാനില്ല.

നടന്നു തളർന്ന് കുട്ടപ്പായി നിന്നു. ചുറ്റും നോക്കി.

മനോഹരമായ ഒരു പുത്തൻ ബംഗ്ലാവിന്റെ മുന്നിലാണ് താൻ നിൽക്കുന്നത്. ഗെറ്റ് തുറന്നുകിടക്കുന്നു.

അകത്തേക്കു കയറി നോക്കിയാലോ. വീടരികിലെങ്ങാൻ ചെടി നനയ്ക്കുന്ന പൈപ്പുണ്ടെങ്കിൽ ഇറ്റു വെള്ളം കുടിക്കാമായിരുന്നു. ശബ്ദമുണ്ടാക്കാതെ ഗേറ്റ് കടന്ന് അകത്തു കയറി. ചെടികൾക്കരികിൽ ഒരു പിച്ചള പൈപ്പ് ഒറ്റക്കാലൻ കൊക്കിനെപ്പോലെ നിൽക്കുന്നു.

പൈപ്പ് തുറന്നു. ചൂടു വെള്ളമൊഴുകി. പിന്നെ ചൂടില്ലാത്ത വെള്ളം. കൈകൾ കുമ്പിളാക്കി വയറു നിറയെ കുടിച്ചപ്പോൾ കണ്ണു തെളിഞ്ഞു. അമൃതിന്റെ രുചി വെള്ളത്തിന്.

ആരേയും കാണാനില്ലല്ലോ.

വീടിനു ചുറ്റും അലസഗമനം നടത്തിയ കണ്ണുകൾ സിറ്റൗട്ടിൽ ചെന്നുനിന്നു. ചിത്രപ്പണികൾ ചെയ്ത കസേരകൾ സിറ്റൗട്ടിനെ അലങ്കരിക്കുന്നു. ചൂരൽ കസേരകൾ. പുത്തൻപോലെയിരിക്കുന്നു.

എണ്ണിനോക്കി. എട്ടെണ്ണമുണ്ട്.

ഒരു കൊച്ചു ചൂരൽമേശമേൽ പേപ്പറുകളും ആഴ്ചപ്പതിപ്പുകളും ഭംഗിയായി അടുക്കി വച്ചിരിക്കുന്നു.

ഇത്ര ഭംഗിയുള്ള ചൂരൽ കസേരകൾക്ക് ഈ വീട്ടുകാർ എത്ര രൂപ കൊടുത്തുകാണും....!!

പെട്ടെന്നു കുട്ടപ്പായിക്ക് ബോധോദയം. എന്തു കിട്ടും ഈ കസേരകൾക്കും മേശയ്ക്കും കൂടി?

കസേരകളും മേശയും അടുക്കി, തലയിൽ കയറ്റി പുറത്തിറങ്ങി. ഗേറ്റിന് കുറ്റിയിട്ടതും വീടിന്റെ ടെറസിൽ നിന്നും ഒരു ചോദ്യം ഉച്ചത്തിൽ

‘ആരാ എന്താ വേണ്ടത്?’

കുട്ടപ്പായി സ്തംഭിച്ചുപോയി. നാവനങ്ങുന്നില്ല.

‘മാതാവേ.. ’ മനസ്സിൽ ഉറക്കെ വിളിച്ചുകൊണ്ട് കുട്ടപ്പായി ആ സ്ത്രീയെ തുറിച്ചു നോക്കി.

വീട്ടുടമസ്ഥയായിരിക്കണം. കഴുത്തും കൈകളും പൊന്നുകൊണ്ട് മൂടിയിട്ടുണ്ട്. ഉമിനീർ ശബ്ദത്തോടെ ഇറക്കി, പിടയുന്ന നെഞ്ചുമായി വിക്കിവിക്കി അയാൾ പറഞ്ഞു.

‘ചൂരക്കസേര വേണോ.... അമ്മാ....’

‘വേണ്ട... ഇവിടെങ്ങും വേണ്ടാ.... കൊണ്ടുപോ...’ അവർ തല വെട്ടിത്തിരിച്ചു. വന്നു കേറും ശല്യങ്ങൾ എന്ന മട്ടിൽ.

കേൾക്കേണ്ട താമസം കുട്ടപ്പായി ഓടി, കസേരകൾ തലയിലും പ്രാണൻ കൈയിലും പിടിച്ചുകൊണ്ട്.

ജഡ്ജിയുടെ കാർ വീടിനരികിൽ എത്തിയത് ബെഡ്റൂമിൽ നിന്നു കണ്ട വീട്ടുടമസ്ഥ ഭർത്താവിനെ സ്വീകരിക്കാൻ സിറ്റൗട്ടിൽ എത്തി.

‘അയ്യോ.... എന്റെ ദൈവമേ.... എന്റെ കസേരകൾ... എന്റെ സിറ്റൗട്ട്’. തലയിൽ കൈവച്ച് അവർ അലറി.

‘എന്താ.... എന്താ...’ ജഡ്ജി കാറിൽ നിന്നും ചാടിയിറങ്ങി.

‘അവൻ, ആ കള്ളൻ എന്റെ കസേരകൾ മേഷ്ടിച്ചു തലയിൽ വച്ചിട്ടാണ് കസേര വേണോ എന്നു ചോദിച്ചതെന്ന് ഞാൻ അറിഞ്ഞില്ല.’

ഉച്ചത്തിൽ, ശ്വാസം വിടാതെ താൻ കസേരക്കള്ളനാൽ കബളിപ്പിക്കപ്പെട്ട കാര്യം അവർ ഭർത്താവിനോട് പറഞ്ഞു.

ജഡ്ജിയുടെ കണ്ണുകൾ ഒഴിഞ്ഞ സിറ്റൗട്ടിലേക്ക്.

തൊണ്ടയിലിരുന്നു വിങ്ങുന്ന മുള്ളുകളായിരുന്നു ആ ചൂരൽ കസേരകൾ. തന്റെ അറിവോ സമ്മതമോ കൂടാതെ, ഏതോ പാവത്തിന്റെ കൈയ്യിൽനിന്നും ‘പാരിതോഷികം’ എന്ന പേരിൽ ഭാര്യ വാങ്ങിയ കൈക്കൂലി! പോയപ്പോൾ എന്തൊരു ഐശ്വര്യം സിറ്റൗട്ടിന്.

‘അവനെ വെറുതെ വിടരുത്’ അവർ ആജ്ഞാപിച്ചു.

‘പോലീസിനെക്കൊണ്ടു പിടിപ്പിക്കണം. കസ്റ്റഡിയിൽ എടുക്കണം. ക്വസ്റ്റ്യൻ ചെയ്യണം. നിങ്ങൾ അവനെ ശിക്ഷിക്കുന്നത് എനിക്ക് കാണണം.’

‘ബംഗ്ലാവിലെ കൊച്ചമ്മ പറഞ്ഞിട്ടാ അവൻ കസേരകൾ കൊണ്ടുപോയത്.’ ജഡ്ജിയുടെ കണ്ണുകൾ തിളങ്ങി.

‘പൊലീസിനെക്കൊണ്ട് പിടിപ്പിക്കാനും ക്വസ്റ്റ്യൻ ചെയ്യാനും വകുപ്പില്ല.’

കുന്നുംപുറത്തെ പള്ളിമുറ്റത്തെ കുരിശടിയിൽനിന്ന് മാതാവ് കുട്ടപ്പായിയെ നോക്കി പുഞ്ചിരിച്ചു.

---

## പ്രാവിനോട്



ചുനക്കര രാമൻകുട്ടി

**കി**ന്നരിച്ചിറകുള്ള പൊന്നരിപ്രാവെ, ഇന്നും
വന്നുഞാൻ നിന്നെയൊന്നു കാണുവാൻ,
കണ്ടില്ലല്ലോ.
എങ്ങു നീ പറന്നുപോയ്, ഹിമവൽ താഴ്വാരത്തോ,
പൊന്നുതമ്പുരാൻ വാഴും വിണ്ണിലോ,
വിദേശത്തോ?
മച്ചിലും മരത്തിലും അമ്പലപ്പറമ്പിലും
തത്തകൾ മരം കൊത്തിപറക്കും ഗ്രാമത്തിലും
വിത്തുകൾ വിതച്ചോരാമുണ്ടകൻ പാടത്തിലും
സപ്തസ്വരങ്ങൾ കുയിൽപാടുന്ന പൂങ്കാവിലും
നാഗദൈവങ്ങൾ വാഴും കാവിലും കരിമ്പന-
ക്കാട്ടിലും പരതി ഞാനെങ്ങുമേ കണ്ടില്ലല്ലോ.
എങ്ങു നീയലയുന്നു ശാന്തി ഗീതവുമായി?
സദ്ദാമിന്നിറാഖിലോ, പുകയും അഫ്ഗാനിലോ
ഇസ്രയേൽ, പാലസ്തീനിൽ,
കാഷ്മീരിൽ പാകിസ്ഥാനിൽ
ഇറാനിൽ, കണ്ണൂരിലോ, നീയിന്നു പറക്കുന്നു?
എങ്ങുമേയശാന്തിതൻ വെടിയൊച്ചകൾ കേൾക്കാം
എങ്ങുമേ ഹൃദയങ്ങൾ യുദ്ധഭൂമികളായി.
ധീരമായ് മുന്നേറുവാൻ, ജയിക്കാൻ നാടും വീടും
ആയുധപ്പുരകളായ് മാറ്റുന്നു വനചരർ
